# Chicago Knanaya Catholic Parish Bulletin

Sacred Heart Knanaya Catholic Church, 611 Maple St., Maywood, IL 60153
St. Mary's Knanaya Catholic Parish Unit, 7800 W. Lyons St., Morton Grove, IL 60053
July 47, 2010, Vol. 5, Issue 41
All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm




# Feast of St. Thomas at Sacred Heart & St. Mary's



We will celebrate the feast of St. Thomas the Apostle on Sunday July 4th at 10:00 A.M. at Sacred Heart Knanaya Catholic Church and at 5:30 P.M. at OLV Church for St. Mary's Unit. Our former mission director Rev. Fr. Simon Edathiparambil will be the celebrant in both churches.
Sponsors at Sacred Heart: Former Parishioners of Kallara St. Thomas Church coordinated by Sabu Madathilparambil. Sponsors at St. Mary's Unit: Gino Kakkattil and Thomas Kadiyampallil.

മാർ തോമ്മാശ്ലീഹായുടെ ദുക്റാന തിരുന്നാൾ ജൂലൈ 4 ഞായറാഴ്ച രാവിലെ 10:00ന മേവുഡ് പള്ളിയിലും വൈകുന്നേരം 5:30ന് ഓ.എൽ.വി. പള്ളിയിലും, ഷിക്കാഗോയിലെ മുൻ മിഷൻ ഡയറക്ടർ റവ. ഫാ. സൈമൺ ഇടത്തിപ്പറമ്പിലിന്റെ കാർമ്മികത്വത്തിൽ, നടത്തുന്നതാണ്. മേവുഡിലെ പ്രസുദേന്തിമാർ കല്ലറ സെന്റ് തോമസ് മുൻ ഇടവകാംഗങ്ങളും സെന്റ് മേരീസിലെ പ്രസുദേന്തിമാർ ജിനൊ കക്കാട്ടിൽ, തോമസ് കടിയമ്പള്ളിൽ എന്നിവരുമാണ്. തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത് ദൈവാനുഗ്രഹം പ്രാപിക്കുവാൻ ഏവരെയും ക്ഷണിക്കുന്നു.

## SPECIAL PRAYER SERVICES IN PREPARATION FOR CHURCH CONSECRATIONS



**There will be special prayer services in all the missions of the Knanaya Catholic Region to prepare spiritually for the proposed seven church consecrations. In our parish we will observe Sunday July 11th as special prayer day with Holy Mass and one hour adoration at Maywood at 10:00 A.M. and thanksgiving mass at OLV Church at 5:30 P.M. That will be our last Mass at OLV. We will also have a thanksgiving mass and adoration at KCS Community Center on Thursday July 15th as we celebrate the last Mass and novena there. All are welcome to join these special services.**

ജൂലൈ ആഗസ്റ്റ് മാസങ്ങളിലായി അമേരിക്കയിൽ ഏഴ ക്നാനായ കത്തോലിക്കാ ദൈവാലയങ്ങൾ കൂദാശ ചെയ്യുന്ന ധന്യ വേളകൾക്ക് ആത്മീയമായി ഒരുങ്ങുന്നതിനും ദൈവത്തിനു നന്ദി അർപ്പിക്കുന്നതിനുമായി ക്നാനായ റിജിയന്റെ നേതൃത്വത്തിൽ എല്ലാ ക്നാനായ മിഷനുകളിലും ഒരു ദിവസം പ്രാർത്ഥനാ ദിനമായി ആചരിക്കുവാൻ ക്നാനായ റീജിയണിലെ വൈദികക്കൂട്ടായ്മ തീരുമാനിച്ചിട്ടുണ്ട്. അതിൻപ്രകാരം നമ്മുടെ ഇടവകയിൽ ജൂലൈ 11 ഞായറാഴ്ചയാണ് നാം പ്രാർത്ഥനാ ദിനമായി ആചരിക്കുന്നത്. അന്ന് രാവിലെ 10:00ന് മേവുഡ് പള്ളിയിലെ കൃതജ്ഞതാബലിയെ തുടർന്ന് തിരുമണിക്കൂർ ആരാധന നടത്തുന്നതാണ്. അന്നേദിവസമാണ് ഓ.എൽ.വി.യിലെ നമ്മുടെ അവസാനത്തെ ദിവ്യബലി. അതും കൃതജ്ഞതാബലിയായി അർപ്പിക്കുന്നതാണ്. കൂടാതെ, ജൂലൈ 15 വ്യാഴാഴ്ചയാണ് കമ്മ്യൂണിറ്റി സെന്ററിലെ നമ്മുടെ അവസാനത്തെ നോവേനയും കുർബാനയും. അന്ന് അവിടെ കൃതജ്ഞതാ ബലിയും ആരാധനയും സ്നേഹവിരുന്നും ഉണ്ടായിരിക്കും. ഇവയിൽ പങ്കുചേർന്ന് ദൈവാലയ കൂദാശയ്ക്ക് ആത്മീയമായി ഒരുങ്ങുവാൻ ഏവരെയും ക്ഷണിക്കുന്നു.

## *NEW ASSIGNMENTS OF PRIESTS IN THE KNANAYA REGION*

Bishop Mar Jacob Angadiath has appointed the following priests in the Knanaya Catholic Region with effect from July 1, 2010. Fr. Stany Edathiparambil the former pastor of Atlanta is now appointed as the Director of San Jose Mission. Fr. Abey Vadakkekara the former mission director of Tampa is appointed as the pastor of Atlanta. Fr. Bins Chethalil who came recently from Kottayam is appointed as mission director of Tampa.







Fr. Stany Edathiparambil, Fr. Abey Vadakkekara, and Fr. Bins Chethalil

### PASTOR / VICAR

**Fr. Abraham Mutholathu Jacob**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***
**For a list of Voluntary Staff / upcoming events, visit:**
***www.knanayaregion.us/chicago/staff.htm***
***www.knanayaregion.us/chicago/calendar.htm***

### HOLY MASS

**SUNDAY 10:00 A.M. at Maywood.**
**ENGLISH MASS at 11:40 A.M. at Maywood.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago.**
**THURSDAY 7:00 P.M. Community Center.**
**FRIDAY 7:00 P.M. at Maywood.**
**SATURDAY 10:00 A.M. at Maywood.**

### SYRO-MALANKARA MASS

**Third Saturdays of the month at 10:00 A.M.**

### RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M. at Maywood and Morton Grove from September 12th.**

### SACRAMENT OF RECONCILIATION (CONFESSION)

**Every Sunday from 10:00 A.M. at Maywood.**
**First and Third Sundays from 3:45 P.M. at OLV.**

### ADORATION

**ALL: First Fridays after Mass.**

### NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

### PRAYER GROUP

**Sundays after 10:00 A.M. Mass.**

### ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

### LEGION OF MARY

**First and Third Saturdays after 10:00 A.M. Mass.**




July 2010

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | 1 | 2 | 3 |
| 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 |
| 18 | 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | 30 | 31 |

**FRIDAY, JULY 2, 2010**
Holy Mass at Maywood at 7:00 P.M. followed by Adoration by St. Thomas Koodara Yogam.

**SATURDAY, JULY 3, 2010**
St. Thomas Day (Dukrana). Holy Day of Obligation
Holy Mass and novena at Maywood at 10:00 A.M.

**SUNDAY, JULY 4, 2010**
Feast Celebration of St. Thomas the Apostle at both Maywood and OLV Church. Main Celebrant: Fr. Simon Edathiparambil (former mission director).
Holy Mass at Maywood at 10:00 A.M.
Holy Mass at OLV Church at 5:30 P.M.
Sabha Dinam Second Collection at both churches.

**MONDAY, JULY 5, 2010**
Cleanup day at Morton Grove church from 10:00 A.M. to 4:00 P.M. Volunteers are welcome.

**THURSDAY, JULY 8, 2010**
Holy Mass and novena at Community Center at 7:00 P.M.

**FRIDAY, JULY 9, 2010**
Holy Mass at Maywood at 7:00 P.M.

**SATURDAY, JULY 10, 2010**
Holy Mass and novena at Maywood at 10:00 A.M.
First Communion Class of St. Mary's Unit at Morton Grove from 10:00 A.M. to noon.
Training of Altar Servers and Ushers at Morton Grove from 11:00 A.M. to 1:00 P.M. in preparation for church consecration and Main Feast.

**SUNDAY, JULY 11, 2010 കൈത്താക്കാലം ആരംഭം**
Prayer day in preparation for church consecrations of the Knanaya Region.
Holy Mass at Maywood at 10:00 A.M. followed by one hour adoration.
Blessing of new volunteers of Maywood church.
Last Holy Mass by St. Mary's Unit at OLV Church at 5:30 P.M.

**THURSDAY, JULY 15, 2010**
Feast Day of St. Kuriakose.
Last Holy Mass, novena and adoration at Community Center at 7:00 P.M.

**FRIDAY, JULY 16, 2010**
Feast of Our Lady of Mount Carmel.
Holy Mass and novena of St. Michael at Maywood at 7:00 P.M.
Arrival of Archbishop Mar Mathew Moolakkatt and Bishop Mar Joseph Pandarasseril in Chicago for church Consecration.
Holy Mass and novena of St. Michael at Maywood at 7:00 P.M.

**SATURDAY, JULY 17, 2010**
Syro-Malankara Holy Mass and novena at Maywood at 10:00 A.M.
Church Consecration in Detroit at 10:00 A.M.
Preparations for church consecration at Morton Grove.

**SUNDAY, JULY 18, 2010**
**Church Consecration at Morton Grove at 9:30 A.M. followed by Visitation Convent blessing.**



# വികാരിയുടെ സന്ദേശം

## അരപ്പള്ളികളുടെ നാൾവഴികളിലൂടെ

എന്റെ പ്രിയ സഹോദരങ്ങളേ,

നാമിപ്പോൾ വസിക്കുന്ന ലോകത്തിലെ ഒന്നാംകിട രാജ്യമായ അമേരിക്കയിൽ ക്രൈസ്തവ വിശ്വാസം കടന്നുവന്നിട്ട് ഏതാനും നൂറ്റാണ്ടുകളേ ആയുള്ളൂ. എന്നാൽ നമ്മുടെ ജന്മനാടായ ഭാരതത്തിലേയും, നമ്മുടെ പൂർവ്വികർ നാലാം നൂറ്റാണ്ടിൽ പുറപ്പെട്ട എദേസ്സായിലേയും സഭകളുടെ തുടക്കം ക്രിസ്തുവർഷത്തിന്റെ പ്രഥമ നൂറ്റാണ്ടിൽതന്നെ ആയിരുന്നുവെന്നത് നമുക്ക് അഭിമാനകരമാണ്. മാത്രമല്ല, ഭാരതത്തിലും എദേസ്സായിലും സുവിശേഷ വെളിച്ചം പകർന്നത് ക്രിസ്തുവിന്റെ നേരിട്ടുള്ള ശിഷ്യരായിരുന്നുവെന്നത് അതിലേറെ ഭാഗ്യപ്പെട്ട വസ്തുതയാണ്.

മുസ്ലീമുകൾ കയ്യടക്കുംമുൻപ് ഇന്നത്തെ ഇറാക്ക് യഹൂദ ക്രൈസ്തവരുടെ വാസകേന്ദ്രമായിരുന്നു. അവരുടെ പിൻതലമുറക്കാരായ ക്രിസ്ത്യാനികൾ ഇന്നും അവിടെ ഉണ്ട്. ക്രിസ്തുവിന്റെയും മാർ തോമ്മാ ശ്ലീഹായുടെയും വിശ്വസ്ത ശിഷ്യരായിരുന്ന മാർ അദ്ദായിയും മാർ മാറിയുമായിരുന്നു അവിടെ വിശ്വാസദീപ്തി പരത്തി സഭാശുശ്രൂഷ നിർവ്വഹിച്ചിരുന്നത്. അവർ വികസിപ്പിച്ചെടുത്ത കൽദായ ആരാധനാക്രമമാണ്, ക്നാനായ കുടിയേറ്റക്കാർക്കും നാട്ടിലെ മാർതോമ്മാ ക്രിസ്ത്യാനികൾക്കും ആത്മീയ നേതൃത്വം വഹിച്ച ഉറഹാ മാർ ജോസഫ് കേരള സഭയിൽ കൊണ്ടുവന്നു നടപ്പിലാക്കിയത്. അതാണ് നാം ഇന്നും ഉപയോഗിച്ചു പോരുന്ന സീറോ മലബാർ ആരാധനാക്രമം.

ക്നാനായ കുടിയേറ്റക്കാരെ കൊടുങ്ങല്ലൂരിലേയ്ക്ക് ആകർഷിച്ച പല ഘടകങ്ങളിൽ ഒന്ന്, അവിടുത്തെ സഭയുടെ തുടക്കം കുറിച്ചത് ക്രിസ്തുവിന്റെ അപ്പസ്തോലനും, മാർ അദ്ദായിയുടെയും മാർ മാറിയുടെയും അത്മീയ ഗുരുവുമായിരുന്ന മാർ തോമ്മാശ്ലീഹായാണെന്നതാണ്. ക്രിസ്തുവർഷം 52ൽ ഭാരതത്തിൽ വന്ന സെന്തോമസ് 72ൽ മദ്രാസിലെ മൈലാപ്പൂർ ചിന്നമലയിൽ കുന്തത്താൽ കുത്തപ്പെട്ടു രക്തസാക്ഷിയാകുന്നതുവരെ ഭാരതസഭയെ നട്ടുവളർത്തി. ആ 20 വർഷംകൊണ്ട് അദ്ദേഹം ഏഴര പള്ളികളാണു സ്ഥാപിച്ചത്. അതായത് ഏഴ് പ്രധാന ക്രൈസ്തവ കേന്ദ്രങ്ങളും ഒന്നോ അതിലധികമോ ചെറിയ കേന്ദ്രങ്ങളും.

പ്രേഷിത ദൗത്യം നെഞ്ചിലേറ്റിയ ക്നാനായക്കാർ 1911ൽ കോട്ടയം മിസ്സം ഉണ്ടാകുന്നതുവരെ അറിയപ്പെട്ടിരുന്നത് അഞ്ചര പള്ളിക്കാർ എന്നാണ്. അതായത് അക്കാലത്തു നമുക്കുണ്ടായിരുന്നത് അഞ്ചു സ്വന്തം പള്ളികളും മറ്റു സ്ഥലങ്ങളിൽ വടക്കും വിഭാഗക്കാരുമായി പങ്കുചേർന്നുള്ള പള്ളികളും. എങ്കിലും നാം വംശീയതയും പാരമ്പര്യതനിമയും നിലനിർത്തി സ്വന്തമായ രൂപതയ്ക്കുവേണ്ടി അക്ഷീണം പരിശ്രമിച്ചു പോന്നു. അതിനായി പള്ളികളുടെ എണ്ണവും, സഭാകൂട്ടായ്മയുടെ മേന്മയും വർദ്ധിപ്പിച്ച് ഓദ്യോഗിക സഭാധികാരികളുമായി ആരോഗ്യകരമായ ബന്ധം നിലനിർത്തിപ്പോന്നു. പ്രതിബന്ധങ്ങളുടെ നെരിപ്പോടിലും അടിപതറാതെ പുണ്യശ്ലോകനായ മാക്കീൽ പിതാവ് അതിനു നേതൃത്വം നല്കി.

2006 സെപ്റ്റംബറിൽ ഷിക്കാഗോയിലെ തിരുഹൃദയ ദൈവാലയം സ്വന്തമാക്കുന്നതുവരെ അമേരിക്കയിലെ ക്നാനായ കത്തോലിക്കർ ഏതാനും മിഷനുകൾ മാത്രമുള്ള അരപള്ളിക്കാരായിരുന്നു. ഷിക്കാഗോയെ തുടർന്ന് അറ്റ്ലാന്റാക്കാരും സ്വന്തം പള്ളി സ്ഥാപിച്ചപ്പോൾ നാം രണ്ടര പള്ളിക്കാരായി. അടുത്ത കാലത്ത് ഷിക്കാഗോ സെന്റ് മേരീസ്, ടാമ്പാ, ഡിട്രോയിറ്റ്, സാൻ അന്റോണിയോ, ഡാളസ് എന്നിവിടങ്ങളിലായി അഞ്ചു പള്ളികൾ കൂടി നാം വാങ്ങിയതിനാൽ ഇപ്രാവശ്യം മാർ തോമ്മാശ്ലീഹായുടെ ദുക്റാന തിരുന്നാൽ ആഘോഷിക്കുമ്പോൾ നാം ഏഴര പള്ളിക്കാരായിരിക്കുന്നു. ഉടനെതന്നെ ലോസ് ആഞ്ചലസിലും നമുക്കു പള്ളി സ്വന്തമാകും. ഈ മാസം നമ്മുടെ പിതാക്കന്മാർ ആറു ക്നാനായ കത്തോലിക്കാ ദൈവാലയങ്ങൾ തുടരെതുടരെ കൂദാശചെയ്യുന്നുവെന്നത് സഭാചരിത്രത്തിലെ വലിയ പ്രതിഭാസമാണ്. അതിനു നമുക്കു ദൈവത്തിനും പരിശുദ്ധ അമ്മയ്ക്കും മാർ തോമ്മാശ്ലീഹായ്ക്കും നന്ദിയർപ്പിക്കാം.

മാർ തോമ്മാശ്ലീഹായേയും ഉറഹാ മാർ യൗസേപ്പിനേയും പോലെ പ്രേഷിത തീക്ഷ്ണതയോടെ അമേരിക്കയിലെത്തി സ്വന്തം ജനം തീർക്കുന്ന പ്രതിബന്ധങ്ങൾക്കിടയിൽ ത്യാഗപൂർണ്ണമായ സഭാനേതൃത്വം നല്കുന്ന ബഹു. വൈദികരെയും അവരോടൊത്ത് അക്ഷീണം യത്നിക്കുന്ന അത്മായ ശുശ്രൂഷകരെയും, ഇവയെല്ലാം പ്രോത്സാഹിപ്പിച്ചു വേണ്ട പിൻതുണ നല്കുന്ന അഭിവന്ദ്യരായ മാർ മാത്യു മൂലക്കാട്ട്, മാർ ജേക്കബ് അങ്ങാടിയാത്ത്, മാർ കുര്യാക്കോസ് കുന്നശ്ശേരി, മാർ ജോസഫ് പണ്ടാരശ്ശേരിൽ എന്നീ പിതാക്കന്മാരെയും നന്ദിയോടെ സ്മരിക്കുന്നു.

ക്നാനായ റീജിയന്റെ സമീപകാലത്തെ ധ്രുതഗതിയിലുള്ള വളർച്ചയ്ക്കു കൃപ നല്കിയ ദൈവത്തിനു നന്ദിയർപ്പിക്കുവാനും ജൂലൈ ആഗസ്റ്റ് മാസങ്ങളിലായി നടക്കുന്ന ആറു പള്ളികളുടെ കൂദാശയ്ക്കും രണ്ടു മഠങ്ങളുടെ വെഞ്ചരിപ്പിനും ഹ്യൂസ്റ്റണിലെ പള്ളിയുടെ ശിലാസ്ഥാപനത്തിനും ആത്മീയമായി ഒരുങ്ങുവാനും അടുത്ത ഞായറാഴ്ച (ജൂലൈ 11നു) നാം പ്രത്യേക പ്രാർത്ഥനാ ദിനമായി ആചരിക്കുകയാണ്. അന്നത്തെ പതിവു കുർബാനകൾക്കു പുറമെ, അന്നു മേവുഡിലെ നമ്മുടെ തിരുഹൃദയ ദൈവാലയത്തിൽ 10

### നുറുങ്ങുവെട്ടം

പള്ളിയുണ്ടാകുന്നത് സാത്താന് സഹിക്കാനാവില്ല. മനുഷ്യരിലൂടെ അവനൊരുക്കുന്ന കെണികളെ അതിജീവിക്കുവാൻ ദൈവിക ശക്തിതന്നെ വേണം.







Group photo after Fathers Day Celebration of St. Mary's Unit at O.L.V. Church.

*(Continued from page 3)*

മണിക്കുള്ള കുർബാനയെ തുടർന്ന് തിരുമണിക്കൂർ ആരാധന നടത്തുന്നതാണ്. ഓ.എൽ.വി. പള്ളിയിൽ അന്ന നമ്മുടെ അവസാനത്തെ ബലിയർപ്പണവുമായിരിക്കും. അവയിൽ സംബന്ധിച്ച പ്രാർത്ഥിക്കുവാൻ ഏവരെയും ക്ഷണിക്കുന്നു.

മയാമി, ന്യൂയോർക്ക്, സാൻ ഹൊസേ തുടങ്ങിയ മറ്റു ക്നാനായ മിഷനുകളിലും ക്നാനായ പള്ളികൾ സ്ഥാപിക്കുവാൻ തീവ്രശ്രമം നടക്കുന്നുണ്ട്. ഹ്യൂസ്റ്റണിൽ തറക്കല്ലിട്ട് ഈ മാസം പള്ളിപണി ആരംഭിക്കും. ഈ ആഗസ്റ്റ് 29ന് കോട്ടയം മിസ്സത്തിന്റെ ശതാബ്ദി വർഷത്തിലേയ്ക്കു നാം പ്രവേശിക്കുമ്പോൾ നമുക്ക് എട്ടു പള്ളികളും 11 മിഷനുകളുമാണ് ഉണ്ടാകുക. ഇനിയും മിഷനുകൾ ആരംഭിക്കുവാൻ ആവശ്യമായ ക്നാനായ കേന്ദ്രങ്ങളുണ്ട്. അങ്ങനെ കൂടുതൽ മിഷനുകളും പള്ളികളും സ്ഥാപിച്ച് ക്നാനായ റിജിയണ് ഇനിയും വളരേണ്ടതുണ്ട്. ഈ ശതാബ്ദി വർഷത്തിൽ നമുക്ക് അവ നടപ്പിലാക്കുവാൻ സാധിക്കണം. അതിനായി പ്രാർത്ഥിക്കുകയും പരസ്പരം പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ.

ഒത്തിരി സ്നേഹത്തോടെ,
ഫാ. ഏബ്രഹാം മുത്തോലത്ത്



# പ്രതീക്ഷയോടെ നാം കാത്തിരുന്ന പള്ളിക്കൂദാശ സമാഗതമായി



സജി പുതൃക്കയിൽ

അമേരിക്കയിലെ ക്നാനായ കത്തോലിക്കർക്ക് ഇത് പള്ളിവെഞ്ചരിപ്പുകളുടെ കാലമാണ്. ഏതാനും മാസങ്ങൾക്കു മുൻപ് ബഹു. മുത്തോലത്ത് അച്ചൻ നാമകരണം ചെയ്ത ഏഴര പള്ളിക്കൂദാശ എന്ന പദപ്രയോഗം യാഥാർത്ഥ്യത്തോട് അടുത്തുകൊണ്ടിരിക്കുകയാണ്. ഒരു പക്ഷേ, കത്തോലിക്കാ സഭാചരിത്രത്തിൽ തങ്കലിപികളാൽ എഴുതിച്ചേർക്കപ്പെടേണ്ട സംഭവങ്ങൾക്കാണ് അമേരിക്കൻ ക്നാനായ സമൂഹം അടുത്ത ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ സാക്ഷ്യം വഹിക്കുവാൻ പോകുന്നത്. ഒരു രൂപതയുടെ കീഴിൽ ഒരു റീജിയണിൽ ഒരു സമുദായത്തിനായി ഇത്രയേറെ പള്ളികൾ ഒരു മാസത്തിനുള്ളിൽ വെഞ്ചരിക്കുന്നത് സഭാചരിത്രത്തിൽ അപൂർവ്വമായേക്കാം.

പള്ളിക്കൂദാശക്ക് അഭിവന്ദ്യപിതാക്കന്മാരാണ് സാധാരണ കാർമ്മികത്വം വഹിക്കാറുള്ളത്. എന്നാൽ പള്ളിവെഞ്ചരിപ്പിൽ നിരവധി മെത്രാന്മാരുടെ സാന്നിദ്ധ്യം വരും മാസങ്ങളിൽ വടക്കെ അമേരിക്കൻ ക്നാനായ സമൂഹം ദർശിക്കുവാൻ പോകുകയാണ്. ഇതും ചരിത്രപരമായ ഭാഗ്യമാണ്.

വർഷങ്ങൾക്കു മുൻപ് മലബാറിലും മദ്ധ്യതിരുവിതാംകൂറിലും ഹൈറേഞ്ചിലും ക്നാനായ സമുദായത്തിന്റെ പൂർവ്വപിതാക്കന്മാർ കല്ലും മണ്ണും ചുമന്ന് പണിതീർത്ത ദൈവാലയങ്ങളാണ് ഇന്ന് നാടിന് അഭിമാനമായി, ആത്മീയ ചൈതന്യം പകർന്ന് വിളങ്ങി വിരാജിക്കുന്നത്. ദൈവാലയ നിർമ്മിതിയിൽ പങ്കെടുത്ത നമ്മുടെ പൂർവ്വപിതാക്കന്മാർ അതിൽ എത്രമാത്രം അഭിമാനം കൊണ്ടിരുന്നു എന്നത് അവരുടെ നാവിൻ തുമ്പിൽനിന്നും നാം എത്രയോ പ്രാവശ്യം കേട്ടിരിക്കുന്നു. ആത്മസംതൃപ്തരായ നമ്മുടെ പൂർവ്വപിതാക്കളെപ്പോലെ വടക്കെ അമേരിക്കയിൽ ഉടനീളം ക്നാനായ ദൈവാലയങ്ങൾ കെട്ടിപ്പടുക്കുവാൻ നമുക്കും കഠിനാദ്ധ്വാനം ചെയ്യാം.

ചിക്കാഗോയിലെ രണ്ടാമത്തെ ക്നാനായ ദൈവാലയം പരിശുദ്ധ അമ്മയുടെ നാമത്തിൽ ജൂലൈ 18 ന് മോർട്ടൻ ഗ്രോവിൽ കൂദാശ ചെയ്യപ്പെടുകയാണ്. പള്ളി കൂദാശയിൽ പങ്കെടുക്കുവാനുള്ള അവസരം ജീവിതത്തിൽ വല്ലപ്പോഴും മാത്രം ലഭിക്കുന്ന അസുലഭ ഭാഗ്യമാണ്. നന്നേ ചെറുപ്പത്തിൽ അമ്മവീട്ടിലെ ഇടവകപള്ളി വെഞ്ചരിപ്പിൽ പങ്കെടുത്തതിന്റെയും പുതുക്കിപണിത സ്വന്തം ഇടവകപള്ളിയുടെ വെഞ്ചരിപ്പിൽ പങ്കെടുത്തതിന്റെയും നനുനനുത്ത ഓർമ്മകൾ എന്റെ മനസ്സിൽ ഇപ്പോഴും പച്ചപിടിച്ചുനില്ക്കുന്നു. തിരുനാളുകളും മറ്റു തിരുക്കർമ്മങ്ങളും ദൈവാലയത്തിൽ പല പ്രാവശ്യം നടക്കുമെങ്കിലും പള്ളിക്കൂദാശ ഒരിക്കൽ മാത്രം നടക്കുന്ന തിരുക്കർമ്മമാണ്. അതുകൊണ്ടുതന്നെ ജൂലൈ 18നായി നമുക്ക് ഒത്തിരിയേറെ പ്രതീക്ഷയോടെ ഒരുങ്ങാം.

നമ്മുടെ പള്ളിവെഞ്ചരിപ്പിനായി നിരവധി കമ്മറ്റികൾ സജീവമായി പ്രവർത്തിച്ചുവരുന്നു. ജൂൺ 1 ന് അതിവിപുലമായ കമ്മറ്റി പുതിയ പള്ളിയുടെ ആഡിറ്റോറിയത്തിൽ വച്ച് ചേരുകയുണ്ടായി. കമ്മറ്റികൾക്ക് എല്ലാം ശക്തമായ നേതൃത്വം നല്കികൊണ്ട് കൂദാശപ്രാർത്ഥനകൾക്ക് നിയദരൂപം നല്കുവാനും പരിപാടികൾ ആസൂത്രണം ചെയ്യുവാനും ബഹു. മുത്തോലത്ത് അച്ചൻ രാപകലില്ലാതെ പ്രവർത്തിക്കുന്നു. കൈക്കാരന്മാരും എൻജിനിയർമാരും പള്ളിയുടെ പുനരുദ്ധാരണ ജോലികൾക്കായി അദ്ധ്വാനിക്കുന്നു. ഫണ്ട് റെയ്സിംഗ് കമ്മറ്റി അംഗങ്ങൾ പണം സ്വരൂപിക്കുവാനായി കഠിനാദ്ധ്വാനം ചെയ്യുന്നു. റിസപ്ഷൻ കമ്മറ്റി വിശിഷ്ടാതിഥികളെ ക്ഷണിച്ചുവരുന്നു. ലിറ്റർജി കമ്മറ്റി തിരുകർമ്മങ്ങൾ ഭക്തി സാന്ദ്രമാക്കുവാനുള്ള ശ്രമത്തിലാണ്. ഗായകസംഘം പരിശീലനം ആരംഭിച്ചു കഴിഞ്ഞു. പ്രോഗ്രാം കമ്മറ്റി പ്രോഗ്രാമുകൾ തയ്യാറാക്കി വരുന്നു. സോവനീർ കമ്മറ്റി സ്മരണികയുടെ പണിപ്പുരയിലാണ്. വിമൻസ് മിനിസ്ട്രി ഫണ്ട് പിരിവിലാണ്. പബ്ലിസിറ്റി കമ്മറ്റിയും ഫുഡ് കമ്മറ്റിയും ഡെക്കറേഷൻ കമ്മറ്റിയും പ്രൊസഷൻ കമ്മറ്റിയും പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഫസ്റ്റ് എയ്ഡ് കമ്മറ്റിയും സെക്യൂരിറ്റി കമ്മറ്റിയും ക്രമീകരണങ്ങളെപറ്റി പഠിച്ചുവരുന്നു. മുതിർന്നവർക്കൊപ്പം കുട്ടികളും യുവജനങ്ങളും ഉത്സാഹത്തിലാണ്.

ചിക്കാഗോ ക്നാനായ സമൂഹത്തിൽ സൗഹാർദത്തിന്റെ കുളിർ കാറ്റ് വീശികൊണ്ട് കടന്നുവന്ന രണ്ടാമത്തെ ദേവാലയത്തിന്റെ വെഞ്ചരിപ്പിനായി നമുക്ക് ഒരുങ്ങാം. പ്രതീക്ഷയോടെ, പ്രാർത്ഥനയോടെ വിനയാന്വിതരായി കാത്തിരിക്കാം.

## SPECIAL EVENTS OF KNANAYA REGION

**Celebrants: Archbishop Mar Mathew Moolakkatt, Bishop Mar Jacob Angadiath, and Bishop Mar Joseph Pandarasseril.**

**Saturday, July 17, 2010**
10:00 A.M. **Church Consecration in Detroit**
**Sunday, July 18**
9:30 A.M. **Church Consecration of St. Mary's Chicago** at Morton Grove.
12:30 P.M. **Blessing of Visitation Convent of Chicago** at Morton Grove in Chicago.
**Wednesday, July 21**
5:00 P.M. **Church Consecration in San Antonio**
**Monday, July 26**
10:00 A.M. **Church Consecration in Dallas.**
**Wednesday, July 28**
6:30 P.M. **Foundation Stone laying ceremony for Knanaya Church in Houston**
**Saturday, July 31**
2:00 P.M. **Church Consecration in Los Angeles**
6:30 P.M. **Visitation Convent Blessing in Los Angeles.**
**Sunday, August 1**
3:00 P.M. **Church Consecration in Tampa**

# FATHERS DAY CELEBRATION AT MAYWOOD


















## SAINT THOMAS CROSS






| | | |
|---|---|---|
| 1. | സ്ലീവായുടെ മേൽ പറന്നിറങ്ങുന്ന പ്രാവ് | : മിശിഹായെ ഉയിർപ്പിച്ച റൂഹാദ്ക്കുദ്ശായുടെ പ്രതീകം |
| 2. | വിരിയുന്ന മുകുളം പോലെ സ്ലീവായുടെ അഗ്രങ്ങൾ | : കർത്താവിന്റെ ഉയിർപ്പിന്റെ ഫലമായ പുതുജീവനും പ്രത്യാശയും |
| 3. | സ്ലീവാ സ്ഥിതി ചെയ്യുന്നത് താമരപ്പൂവിന്റെ മധ്യത്തിൽ | : ഇന്ത്യയുടെ സാംസ്കാരിക പശ്ചാത്തലത്തിൽ വേരുപിടിച്ചു വളർന്ന ക്രൈസ്തവ വിശ്വാസം |
| 4. | മൂന്നു പടികൾ | : ഈശോയുടെ പീഡാനുഭവത്തെയും മരണത്തെയും അനുസ്മരിപ്പിക്കുന്ന ഗാഗുൽത്തായുടെ പ്രതീകം |

| | | |
|---|---|---|
| 1. | Empty Cross | : The Symbol of Resurrection in imitation of the empty tomb. |
| 2. | Dove descending on the Cross | : The symbol of the Holy Spirit who raised Jesus Christ. |
| 3. | The tips of the Cross as blooming buds | : The symbol of the new life and hope as the result of Christ's Resurrection. |
| 4. | The Cross erected upon a lotus | : The symbol of the Christian faith rooted and flourishing in the context of the Indian life -situation. |
| 5. | Three Steps | : The symbol of Gaultta, reminding us of Jesus' passion and death. |

Mar Toma Sliba (Saint Thomas Cross) is the dynamic symbol of the death and resurrection of jesus in the Indian context. It proclaims the Theological, Christological, Pneumatological, Eschatological and Ecclesiological specifications of faith in Jesus, the M'siha as the Thomas Christians practise it in India.

Courtesy: "Holy Qurbana through pictures"
Author: Archbishop Joseph Perumthottam

| READINGS & READERS | ശ്ലീഹാക്കാലം | | |
|---|---|---|---|
| July 4 | PASSAGE | SACRED HEART | ST. MARY'S UNIT |
| 1st Reading | Genesis 2: 8-15 | Shaju Pulimalayil | Jincy Aikkaraparambil |
| 2nd Reading | Ephesians 2: 19-22 | Rosan Pathiyil | Jibi Kakkattil |

| READINGS & READERS | കൈത്താക്കാലം | | |
|---|---|---|---|
| July 11 | PASSAGE | SACRED HEART | ST. MARY'S UNIT |
| 1st Reading | Deuteronomy 4:10-24 | Shaju Pulimalayil | Jincy Aikkaraparambil |
| 2nd Reading | 1 Corinth. 15:58-16:14 | Rosan Pathiyil | Maria Pulikkamattam |

**For Favors Received**



- ഒരു വിശ്വാസി



Honoring the vicar Fr. Mutholath at the close of the Year of Priests.

| OFFERINGS | June 27 |
|---|---|
| **ST. MARY'S:** Regular Mass | 103.50 |
| Building Fund | 3,500.00 |
| **TOTAL ST. MARY'S** | **4,503.50** |
| Regular Offering | 1,167.00 |
| Guadalupe Shrine | 101.00 |
| Facility Usage | 750.00 |
| Wedding Donation | 400.00 |
| Building Fund | 75.00 |
| **TOTAL MAYWOOD** | **2,493.00** |
| Agape Store Donation | **56.00** |

## HALL AVAILABLE FOR PRIVATE USE

**Our auditorium at Morton Grove church is available for your functions. For reservations, please contact Biju Kizhakkekuttu at 773-255-9777 with advance payment. .**



## SERVICE DAY AT MORTON GROVE

We will have a **Service Day** on Monday, July 5th from 10 A.M. to 4 P.M. at Morton Grove St. Mary's Church. The service day is sponsored by Koodarayogams. All Chicago community members please donate a couple hours to clean our new facility.

## Wedding Bann

Anish Abraham s/o Abraham and Suna Karappallil (Uzhavoor) with Mahima Jacob d/o Jacob and Jaimole Pulimoottil (Kallissery) both from Sacred Heart Knanaya Catholic Parish Chicago to be held at Uzhavoor on August 19, 2010. 2/3

## SPECIAL CLASSES

**We have scheduled special classes for Holy Communion and Chrismation candidates of St. Mary's Unit from 10 : 00 A.M. - Noon at Morton Grove Church on July 10, and August 21, 2010.**

YOU INVITE THE GUESTS, WE DO THE REST
Malabar
Catering &Carry-out

**Professional with 11 years experience in catering.**
Call
**WILLIAM GEORGE**
911 Greenwood Road,
Glenview, IL 60025
Tel: 847-998-5635
Cell 773-842-5179
E-mail:
malabarcat@yahoo.com




*Your Rehab Specialists*
**Pro-Rehab Services, P.C.**
&
Choicecare Home Health, Inc.
Palos Heights and Tinley Park
(708) 489 6PRS or (708) 489-0123
www.pro-rehabservices.com
www.choicecarehh.com
Best Compliments from the Mutholath Family

